**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1169** **07-12-2022 - ൽ മറുപടിയ്ക്ക്**

**മാനന്തവാടി മണ്ഡലത്തിലെ ജലജീവൻ മിഷൻ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഒ . ആർ. കേളു | | ശ്രീ. റോഷി അഗസ്റ്റിൻ (ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | മാനന്തവാടി മണ്ഡലത്തിലെ ജലജീവൻ മിഷൻ പദ്ധതിയുടെ നിലവിലെ സ്ഥിതി അറിയിക്കാമോ; | (എ) | മാനന്തവാടി മണ്ഡലത്തിൽ ഇടവക, തിരുനെല്ലി എന്നീ പഞ്ചായത്തുകളിൽ അനുമതി നൽകിയ ജല ജീവൻ മിഷൻ പദ്ധതികളിൽ ഇടവക പഞ്ചായത്തിൽ ഇതുവരെ 2587 കണക്ഷനുകൾ നൽകിയിട്ടുണ്ട്. പ്രവൃത്തി പുരോഗതി യിലാണ്. 2023 മാർച്ചോടെ പ്രവൃത്തി പൂർത്തീകരിക്കാനാണ് ലക്ഷ്യമിടുന്നത്. തിരുനെല്ലി പഞ്ചായത്തിൽ പ്രവൃത്തി ആരംഭിച്ചിട്ടില്ല. തിരുനെല്ലി പഞ്ചായത്തിലെ ജല ജീവൻ മിഷൻ പ്രവൃത്തി വർക്ക് ഓർഡർ നൽകിയെങ്കിലും കരാറുകാരൻ എഗ്രിമെന്റ് വെക്കുന്നതിനു മുൻപേ ബഹു.ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്തതിനാൽ പ്രവൃത്തി ആരംഭിച്ചിട്ടില്ല. മാനന്തവാടി മണ്ഡലത്തിൽ വെള്ളമുണ്ട, തൊണ്ടർനാട്, തവിഞ്ഞാൽ & പനമരം എന്നീ പഞ്ചായത്തുകളിലേക്കുള്ള ശുദ്ധജലവിതരണ പദ്ധതിക്കുള്ള സാങ്കേതികാനുമതി നൽകിയിട്ടുണ്ട്. മേൽ പദ്ധതിയുടെ ഭാഗമായി തൊണ്ടർനാട്, തവിഞ്ഞാൽ, പനമരം എന്നീ പഞ്ചായത്തുകളിൽ ജലസംഭരണികൾ നിർമ്മിക്കുന്നതിനുള്ള സ്ഥലങ്ങളുടെ പെർമിസ്സീവ് സാംഗ്ഷൻ നൽകിയിട്ടുണ്ട്. എന്നാൽ വെള്ളമുണ്ട പഞ്ചായത്തിൽ ജല ശുദ്ധീകരണശാലയുടെ നിർമാണത്തിനാവശ്യമായ സ്ഥലം (സ്വകാര്യ സ്ഥലം) പഞ്ചായത്ത് ലഭ്യമാക്കിയിട്ടില്ല. കൂടാതെ KSEB യുടെ അധീനതയിലുള്ള ബാണാസുര റിസെർവോയറിൽ കിണറും പമ്പ്ഹൗസും നിർമ്മിക്കുന്നതിനുള്ള സ്ഥലത്തിനുള്ള അനുമതിയും ലഭ്യമായിട്ടില്ല. ആയതി നാൽ പ്രവൃത്തികൾ നടപ്പിലാക്കാൻ സാധിച്ചിട്ടില്ല. പഞ്ചായത്തിൽ നിന്നും പ്രസ്തുത സ്ഥലങ്ങൾ ലഭ്യമാക്കി പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി) | മണ്ഡലത്തിലെ ഏതെങ്കിലും പഞ്ചായത്തിൽ | (ബി) | മാനന്തവാടി മണ്ഡലത്തിൽ ഇടവക, തിരുനെല്ലി |

| | | | |
|---|---|---|---|
| | പദ്ധതി ആരംഭിക്കാൻ സാധിച്ചിട്ടില്ലെങ്കിൽ ആയതിന്റെ കാരണവും പരിഹരിക്കാൻ സ്വീകരിച്ച നടപടികളും വ്യക്തമാക്കാമോ; | | എന്നീ പഞ്ചായത്തുകളിൽ അനുമതി നൽകിയ ജല ജീവൻ മിഷൻ പദ്ധതികളിൽ ഇടവക പഞ്ചായത്തിൽ ഇതുവരെ 2587 കണക്ഷനുകൾ നൽകിയിട്ടുണ്ട്. പ്രവൃത്തി പുരോഗതി യിലാണ്. 2023 മാർച്ചോടെ പ്രവൃത്തി പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടുന്നത്. തിരുനെല്ലി പഞ്ചായത്തിൽ പ്രവൃത്തി ആരംഭിച്ചിട്ടില്ല. തിരുനെല്ലി പഞ്ചായത്തിലെ ജല ജീവൻ മിഷൻ പ്രവൃത്തി വർക്ക് ഓർഡർ നൽകിയെങ്കിലും കരാറുകാരൻ എഗ്രിമെന്റ് വെക്കുന്നതിനു മുൻപേ ബഹു.ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്തതിനാൽ പ്രവൃത്തി ആരംഭിച്ചിട്ടില്ല. മാനന്തവാടി മണ്ഡലത്തിൽ വെള്ളമുണ്ട, തൊണ്ടർനാട്, തവിഞ്ഞാൽ & പനമരം എന്നീ പഞ്ചായത്തുകളിലേക്കുള്ള ശുദ്ധജലവിതരണ പദ്ധതിക്കുള്ള സാങ്കേതികാനുമതി നൽകിയിട്ടുണ്ട്. മേൽ പദ്ധതിയുടെ ഭാഗമായി തൊണ്ടർനാട്, തവിഞ്ഞാൽ, പനമരം എന്നീ പഞ്ചായത്തുകളിൽ ജലസംഭരണികൾ നിർമ്മിക്കുന്നതിനുള്ള സ്ഥലങ്ങളുടെ പെർമിസ്സീവ് സാംഗ്ഷൻ നൽകിയിട്ടുണ്ട്. എന്നാൽ വെള്ളമുണ്ട പഞ്ചായത്തിൽ ജല ശുദ്ധീകരണശാലയുടെ നിർമാണത്തിനാവശ്യമായ സ്ഥലം (സ്വകാര്യ സ്ഥലം) പഞ്ചായത്ത് ലഭ്യമാക്കിയിട്ടില്ല. കൂടാതെ KSEB യുടെ അധീനതയിലുള്ള ബാണാസുര റിസെർവോയറിൽ കിണറും പമ്പ്ഹൗസും നിർമ്മിക്കുന്നതിനുള്ള സ്ഥലത്തിനുള്ള അനുമതിയും ലഭ്യമായിട്ടില്ല. ആയതി നാൽ പ്രവൃത്തികൾ നടപ്പിലാക്കാൻ സാധിച്ചിട്ടില്ല. പഞ്ചായത്തിൽ നിന്നും പ്രസ്തുത സ്ഥലങ്ങൾ ലഭ്യമാക്കി പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (സി) | ജലജീവൻ മിഷൻ പദ്ധതിയിലൂടെ എത്ര കുടിവെള്ള കണക്ഷൻ ആണ് മാനന്തവാടി മണ്ഡലത്തിൽ നൽകാൻ കഴിയുകയെന്ന് വ്യക്തമാക്കുമോ; | (സി) | വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ഡി) | നിലവിൽ എത്ര കുടിവെള്ള കണക്ഷനാണ് മാനന്തവാടി മണ്ഡലത്തിൽ ഉള്ളതെന്ന് അറിയിക്കാമോ? | (ഡി) | മാനന്തവാടി മണ്ഡലത്തിലെ നിലവിലെ കുടിവെള്ള കണക്ഷനുകളുടെ ആകെ എണ്ണം - 7988<br><br>ഗാർഹീക കണക്ഷനുകൾ - 7101<br>ഗാർഹീകേതര കണക്ഷനുകൾ - 866<br>സ്പെഷ്യൽ കണക്ഷൻ - 21 |

സെക്ഷൻ ഓഫീസർ

**<u>അനുബന്ധം</u>**

| പഞ്ചായത്ത് | ഭരണാനുമതി നൽകിയ കണക്ഷനുകൾ | ഭരണാനുമതി തുക ലക്ഷത്തിൽ | നിർവ്വഹണ ഏജൻസി |
|---|---|---|---|
| ഇടവക | 4500 | 3484.50 | കെ.ഡബ്ല്യു.എ |
| തിരുനെല്ലി | 6150 | 4886.00 | കെ.ഡബ്ല്യു.എ |
| വെള്ളമുണ്ട | 7502 | 8453.00 | കെ.ഡബ്ല്യു.എ |
| തൊണ്ടർനാട് | 4489 | 5058.00 | കെ.ഡബ്ല്യു.എ |
| തവിഞ്ഞാൽ | 8148 | 9180.00 | കെ.ഡബ്ല്യു.എ |
| പനമരം | 5723 | 6448.00 | കെ.ഡബ്ല്യു.എ |
| ഇടവക | 1200 | 284.00 | ജലനിധി |
| തവിഞ്ഞാൽ | 998 | 196.00 | ജലനിധി |
| പനമരം | 1600 | 238.00 | ജലനിധി |